224

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ജനപ്രാതിനിധ്യ (പലവക വ്യവസ്ഥകൾ) ആക്റ്റ്, 1956

## (1956-ലെ 88-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനു വേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില : Rs 0-40

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ജനപ്രാതിനിധ്യ (പലവക വ്യവസ്ഥകൾ) ആക്റ്റ്, 1956

(1956-ലെ 88-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

3/2136/B

Rs. 0-40

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ജനപ്രാതിനിദ്ധ്യ(പലവകവ്യവസ്ഥകൾ) ആക്റ്റ് 1956

(1956-ലെ 88-ാം നമ്പർ ആക്റ്റ്)

പാർലമെൻറിലേയും സ്റ്റേററ് നിയമ നിർമ്മാണ മണ്ഡലങ്ങളിലേയും അംഗത്വത്തിനും, അവയിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്നതിനുമുള്ള അയോഗ്യതകൾ നീക്കം ചെയ്യുന്നതിനും, അങ്ങനെയുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച ചില പലവക വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുവാനുള്ള ആക്റ്റ്.

[1956 ഡിസംബർ 28]

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ ഏഴാം സംവൽസരം പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് ജനപ്രാതിനിദ്ധ്യ (പലവക വ്യവസ്ഥകൾ) ആക്റ്റ്, 1956 എന്ന് പേർ പറയാവുന്നതാണ്.

2. അയോഗ്യതകൾ നീക്കം ചെയ്യൽ.—(1) (ഇതിനുശേഷം മുഖ്യ ആക്റ്റ് എന്ന് പരാമർശിക്കുന്ന) ജനപ്രാതിനിദ്ധ്യ ആക്റ്റ്, 1951 (1951-ലെ 43)-ന് കീഴിൽ മുഖ്യ ആക്റ്റിൻെറ 7-ാം വകുപ്പ് (ഗ) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം, തിരഞ്ഞെടുപ്പ് ചെലവുകളുടെ റിട്ടേൺ ഏല്പിക്കാതിരിക്കുന്നതിന് ജനപ്രാതിനിദ്ധ്യ (രണ്ടാം ഭേദഗതി) ആക്റ്റ്, 1956 (1956-ലെ 27)-ൻെറ പ്രാരംഭത്തിന് മുമ്പ് ഏതെങ്കിലും ആൾക്ക് നേരിട്ടിട്ടുള്ള പാർലമെൻറിലേയോ ഒരു സ്റ്റേററ് നിയമ നിർമ്മാണ മണ്ഡലത്തിലേയോ അംഗത്വത്തിനുള്ള ഏതൊരു അയോഗ്യതയും ഇതിനാൽ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു.

(2) മുഖ്യ ആക്റ്റിൻ കീഴിൽഏതെങ്കിലും നിയമ വിരുദ്ധ പ്രവൃത്തിക്കോ, കൈക്കൂലി കൊടുക്കലോ വാങ്ങലോ അനുചിതമായ സ്വാധീനം ചെലുത്തലോ അല്ലാത്ത ഏതെങ്കിലും അഴിമതിപ്രവൃത്തിക്കോ ജനപ്രാതിനിദ്ധ്യ (രണ്ടാം ഭേദഗതി) ആക്റ്റ്, 1956-ൻെറ പ്രാരംഭത്തിനുമുമ്പ്, ഏതെങ്കിലുംആൾക്ക് നേരിട്ടിട്ടുള്ള പാർലമെൻറിലേയോ ഒരു സ്റ്റേററ് നിയമനിർമ്മാണമണ്ഡലത്തിലേയോ അംഗത്വത്തിനോ, തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിനോ ഉള്ള ഏതൊരു അയോഗ്യതയും ഇതിനാൽ നീക്കംചെയ്യപ്പെട്ടിരിക്കുന്നു.

3. [1951-ലെ 43-ാം ആക്റ്റ് 7-ാം വകുപ്പിൻെറ ഭേദഗതി] (1960-ലെ 58) ഭേദഗതി റദ്ദാക്കൽ ആക്റ്റിനാൽ റദ്ദാക്കപ്പെട്ടു. 2-ാം വകുപ്പും 1-ാം പട്ടികയും.

4. [പോർട്ടുഗീസു രാജ്യക്ഷേത്രത്തിലെ തടവുകാരുടെ കാര്യത്തിൽ നാമനിർദ്ദേശം ചെയ്യലിനുള്ള പ്രത്യേക വകുപ്പ്] മുൻപറഞ്ഞ 2-ാം വകുപ്പും 1-ാം പട്ടികയും പ്രകാരം റദ്ദാക്കപ്പെട്ടു.

5. ചില സംഗതികളിൽ, പാർലമെൻറിലെ അംഗത്വത്തിനുള്ള അയോഗ്യത തടയുന്നത്.—മണിപ്പൂരിലെ ചീഫ് കമ്മീഷണരുമായോ, ത്രിപുരയിലെ ചീഫ് കമ്മീഷണരുമായോ ബന്ധപ്പെട്ട ഉപദേശകസമിതിയിലെ അംഗത്തിൻെറ ഉദ്യോഗം, അതു വഹിക്കുന്ന ആളെ, പാർലമെൻറിലെ അംഗമായി വരണം ചെയ്യപ്പെടുന്നതിനോ, പാ‌ലമെൻറിലെ അംഗമായിരിക്കുന്നതിനോ അയോഗ്യനാക്കുന്നതല്ലെന്ന് ഇതിനാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

---